പഞ്ചായത്തുകളിലെ പാർട്ട്ടൈം സ്വീപ്പർമാർക്ക് സ്ഥലംമാറ്റം

205 (3044) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളുമായി കൂട്ടിച്ചേർക്കപ്പെട്ട പഞ്ചായത്തുകളിൽ ജോലി ചെയ്തു വന്ന പാർട്ട്ടൈം സ്വീപ്പർമാർക്ക് മറ്റ് പഞ്ചായത്തുകളിലേയ്ക്ക് സ്ഥലംമാറ്റം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) നഗരസഭകളുമായി കൂട്ടിച്ചേർക്കപ്പെട്ട പഞ്ചായത്തുകളിൽ ജോലി ചെയ്തുവന്ന പാർട്ട് ടൈം സ്വീപ്പർമാർക്ക് മറ്റ് പഞ്ചായത്തുകളിലേയ്ക്ക് സ്ഥലംമാറ്റം നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടില്ല.

പഞ്ചായത്തുകളിൽ പുതിയ തസ്തിക സൃഷ്ടിക്കൽ

206 (3046) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച പഞ്ചായത്തുകളിൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എത്ര തസ്തികകളാണ് പുതിയതായി സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നത്; പ്രസ്തുത പഞ്ചായത്തുകളിൽ റീ ഡിപ്ലോയ്മെന്റ് നടപടികൾ നടത്തിയിട്ടുണ്ടോ; മുനിസിപ്പാലിറ്റികൾ ആയ പഞ്ചായത്തുകളിലെ ജീവനക്കാരുടെ സേവനം ഏത് നിലയിൽ മാറ്റം വരുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് 1-11-2015 പ്രാബല്യത്തിൽ പുതുതായി ഗ്രാമപഞ്ചായത്തുകൾ രൂപീകരിച്ചിട്ടില്ല. മുനിസിപ്പാലിറ്റികളായ ഗ്രാമപഞ്ചായത്തുകളിലേയ്ക്കും കോർപ്പറേഷനുകളോട് കൂട്ടിച്ചേർത്ത ഗ്രാമപഞ്ചായത്തുകളിലേയ്ക്കും ജീവനക്കാരെ നഗരകാര്യ വകുപ്പിൽ താൽക്കാലിക സംവിധാനം ഏർപ്പെടുത്തുന്നത് വരെ അതാത് മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകളിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിലനിറുത്തി ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly